415/25/19

# തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം

## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജർ. പി.ആർ. സജികുമാർ)

വിഷയം : തസ്വഭവ - സാങ്കേതിക വിഭാഗം - ജീവനക്കാര്യം - മൂന്നാം തരം ഓവർസിയർമാരുടെ സീനിയോരിറ്റി ലിസ്റ്റ് - അപാകതകൾ പരിഹരിച്ച് ലിസ്റ്റിൽ ഉൾപ്പെടുത്തി ഉത്തരവാകുന്നു.

പരാമർശം :1) ഈ കാര്യാലയത്തിലെ 17.03.2011-ലെ ഇ11/4100/സിഇ/തസ്വഭവ നമ്പർ ഉത്തരവ്

2) ഈ ഓഫീസിലെ 11.02.2019-ലെ ഇ22/11143/2018/സിഇ/ തസ്വഭവ നമ്പർ നോട്ടീസ്

3) 01.09.2018-ൽ ശ്രീമതി. ശുഭ. എസ് സമർപ്പിച്ച അപേക്ഷ

4) 25.10.2018-ൽ ശ്രീ. രോഷ് കുമാർ. ടി സമർപ്പിച്ച അപേക്ഷ

5) 22.10.2018-ൽ ശ്രീമതി. ലാലിമോൾ. കെ.ബി സമർപ്പിച്ച അപേക്ഷ

6) 15.12.2018-ൽ ശ്രീ. മാത്യു. ടി.എം സമർപ്പിച്ച അപേക്ഷ

## ഉത്തരവ് നം . ഇ22-11143/2018/സിഇ/തസ്വഭവ തീയതി. 22.02.2019

ശ്രീമതി. ശുഭ. എസ് എന്നവർ മൂന്നാംതരം ഓവർസിയർമാരുടെ പരാമർശം (1) പ്രകാരമുള്ള സീനിയോരിറ്റി ലിസ്റ്റിൽ 512 (ബി) ആയി ഉൾപ്പെട്ടിട്ടുള്ളവരാണ്. എന്നാൽ ടിയാളുടെ ജനനതീയതി 10.04.1974 എന്നതിന് പകരം 04.10.1974 എന്ന് തെറ്റായി ടി സീനിയോരിറ്റി ലിസ്റ്റിൽ രേഖപ്പെടുത്തിയിരിക്കുന്നു. ആയത് 10.04.1974 എന്ന് ക്രമപ്പെടുത്തുന്നു.

ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിലായി ഈ വകുപ്പിൽ മൂന്നാംതരം ഓവർസിയർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ. രോഷ് കുമാർ. ടി എന്നവർ, ടിയാനെ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ പരാമർശം (4) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ടിയാനെ പരാമർശം (1) പ്രകാരമുള്ള സീനിയോരിറ്റി ലിസ്റ്റിൽ റാങ്ക് നം. 426 ശ്രീമതി. കൊച്ചുറാണി. പി.എ എന്നവർക്കും, റാങ്ക് നം. 426(എ) ശ്രീമതി. ജയലത. ആർ എന്നവർക്കും മദ്ധ്യേ റാങ്ക് നം. 426-1 ആയി സീനിയോരിറ്റി നിശ്ചയിച്ച് ക്രമപ്പെടുത്തിയിരിക്കുന്നു.

ആലപ്പുഴ ജില്ലയിലെ മുഹമ്മ ഗ്രാമപഞ്ചായത്തിലായി ഈ വകുപ്പിൽ മൂന്നാംതരം ഓവർസിയർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി. ലാലിമോൾ. കെ.ബി എന്നവർ, ടിയാളെ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ പരാമർശം (5) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ടിയാളെ പരാമർശം (1) പ്രകാരമുള്ള സീനിയോരിറ്റി ലിസ്റ്റിൽ റാങ്ക് നം. 504(എ) ശ്രീ. വിജയൻ. ടി.കെ എന്നവർക്കും, റാങ്ക് നം. 504(ബി)

ശ്രീ. സുരേഷ് കുമാർ. എ.എസ് എന്നവർക്കും മദ്ധ്യേ റാങ്ക് നം. 504 എ(1) ആയി സീനിയോരിറ്റി നിശ്ചയിച്ച് ക്രമപ്പെടുത്തിയിരിക്കുന്നു.

കണ്ണൂർ ജില്ലയിലെ പടിയൂർ ഗ്രാമപഞ്ചായത്തിലായി ഈ വകുപ്പിൽ മൂന്നാംതരം ഓവർസിയർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ. മാത്യു. ടി.എം. എന്നവർ, ടിയാളെ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ പരാമർശം (6) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ടിയാനെ പരാമർശം (1) പ്രകാരമുള്ള സീനിയോരിറ്റി ലിസ്റ്റിൽ റാങ്ക് നം. 506(ബി) ശ്രീ. മാമച്ചൻ. വി.പി എന്നവർക്കും, റാങ്ക് നം. 506(സി) ശ്രീ. ഷൈജു അനിരുദ്ധൻ എന്നവർക്കും മദ്ധ്യേ റാങ്ക് നം. 560 (ബി)(1) ആയി സീനിയോരിറ്റി നിശ്ചയിച്ച് ക്രമപ്പെടുത്തിയിരിക്കുന്നു.

പരാമർശം (1) പ്രകാരമുള്ള മൂന്നാംതരം ഓവർസിയർമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ മേൽ പ്രസ്താവിക്കപ്പെട്ട മാറ്റങ്ങൾ വരുത്തി പരാമർശം (2) പ്രകാരം ചീഫ് എഞ്ചിനീയറുടെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചു. ഇത് സംബന്ധിച്ച് നാളിതുവരെയും ആക്ഷേപങ്ങളോ അഭിപ്രായങ്ങളോ ലഭ്യമായിട്ടില്ല. ആയതിനാൽ പരാമർശം (1) മൂന്നാംതരം ഓവർസിയർമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ വരുത്തിയ മാറ്റങ്ങൾ സ്ഥിരീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

സീനിയോരിറ്റിയിലെ മാറ്റങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | സീനിയോരിറ്റിയിലെ റാങ്ക് നം. | ജനന തീയതി | യോഗ്യത | അഡ്വൈസ് നമ്പരും തീയതിയും |
|---|---|---|---|---|---|
| 1 | ശുഭ. എസ് | 512(B) | 10/04/1974 | ITC, NTC | RIA(3) 25525/01/GW dated 15.01.2005 |
| 2 | രോഷ് കുമാർ. റ്റി | 426-(1) | 23/05/1974 | NTC D'man Civil | RIA(3) 25525/01/GW dated 29.04.2004 |
| 3 | ലാലിമോൾ. കെ.ബി | 504 a(1) | 23/05/1972 | NTC D'man Civil | RIA(3) 25525/01/GW dated 02.12.2004 |
| 4 | മാത്യു. ടി.എം. | 506(b) (1) | 20/02/1963 | NTC D'man Civil | RIA(3) 25525/01/GW dated 02.12.2004 |

പരാമർശം (1) പ്രകാരമുള്ള മൂന്നാംതരം ഓവർസിയർമാരുടെ സീനിയോരിറ്റി ലിസ്റ്റ് മേൽ പട്ടികയിൽ വിശദീകരിച്ചിട്ടുള്ള ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

**ചീഫ് എഞ്ചിനീയർ**

പകർപ്പ് : 1) എല്ലാ നിയന്ത്രണാധികാരികൾക്കും
2) ഇ5 / ഇ6 സെക്ഷനുകൾ
3) ചീഫ് എഞ്ചിനീയറുടെ ഔദ്യോഗിക വെബ് സൈറ്റിലേയ്ക്ക്